# പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1511 — 03.12.2018-ൽ മറുപടിക്ക്

### തണൽ പദ്ധതി

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.എ.പി. അനിൽ കുമാർ | | ശ്രീമതി.ജെ.മേഴ്സിക്കുട്ടി അമ്മ (മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി) |
| (എ) | ചെറുകിട മത്സ്യവിതരണ തൊഴിലാളികളുടെ ക്ഷേമത്തിനായി മുൻ സർക്കാർ നടപ്പിലാക്കിയ തണൽ പദ്ധതി നിലവിലുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര തവണ ഈ പദ്ധതി പ്രകാരമുള്ള ധനസഹായം ചെറുകിട മത്സ്യവിതരണ തൊഴിലാളികൾക്ക് അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം 2016-17 സാമ്പത്തികവർഷത്തിൽ തണൽ പദ്ധതി പ്രകാരമുള്ള ധനസഹായം വിതരണം ചെയ്യുന്നതിന് 32 കോടി രൂപ ക്ഷേമനിധി ബോർഡിന് അനുവദിക്കുകയും ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. 2017-18 ൽ തണൽ ധനസഹായ വിതരണത്തിനായി 14.525 കോടി രൂപ, 29.03.2018 ൽ അനുവദിച്ചെങ്കിലും 31.03.2018 ൽ ടി തുക പിൻവലിച്ചിരുന്നതിനാൽ 2017-18 ൽ ധനസഹായം വിതരണം ചെയ്തിട്ടില്ല. ടി തുക ക്ഷേമനിധി ബോർഡിന് തിരികെ അനുവദിക്കുന്നതിനുള്ള പ്രപ്പോസൽ പരിശോധിച്ചു വരുന്നു. 2018-19 സാമ്പത്തിക വർഷം തണൽ പദ്ധതിയ്ക്ക് 14.0483 കോടി രൂപ അനുവദിക്കുകയും ടി തുക ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തു വരികയും ചെയ്യുന്നു. |
| (സി) | മുൻ സർക്കാർ നടപ്പിലാക്കിയ ജനകീയ പദ്ധതികൾ അട്ടിമറിക്കുന്നതും പേരു മാറ്റി പുതിയ പദ്ധതികളായി അവതരിപ്പിക്കുന്നതുമായ നയം മത്സ്യത്തൊഴിലാളികൾക്ക് ബുദ്ധിമുട്ട് ഉണ്ടാക്കുന്നുവെന്ന ആക്ഷേപത്തിന്റെ നിജസ്ഥിതി വ്യക്തമാക്കുമോ? | (സി) | ഫിഷറീസ് വകുപ്പ് മുഖേന നടപ്പിലാക്കി വരുന്ന മത്സ്യത്തൊഴിലാളികളുടെ ക്ഷേമ പദ്ധതികളുടെ ഒന്നും പേരിൽ മാറ്റം വരുത്തിയിട്ടില്ല |

സെക്ഷൻ ഓഫീസർ